# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2739** — **12.02.2019-ൽ മറുപടിക്ക്**

### ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; | (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നു വന്നു പ്രവൃത്തിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരണാനന്തര ആനുകൂല്യം (25,000 രൂപ), അപകടമരണ ധനസഹായം (രണ്ട് ലക്ഷം രൂപ), ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം (50,000 രൂപ വരെ), ചികിത്സാ ധനസഹായം (20,000 രൂപ വരെ), ടെർമിനൽ ബെനിഫിറ്റ് (25,000 രൂപ മുതൽ 50,000 രൂപ വരെ), പ്രസവ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം (1000 രൂപ മുതൽ 3000 രൂപ വരെ) തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നു. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>"അപ്നാഘർ" പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്നതിന്റെ ആദ്യ സംരംഭം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ളാറ്റ് |

നിർമ്മാണത്തിലൂടെ പൂർത്തിയായിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളിൽ കുറ്റവാസനയുള്ളവരും ഉണ്ടെന്ന കാര്യം കണക്കിലെടുത്ത് ഇവർക്ക് തിരിച്ചറിയൽ കാർഡ് ഉൾപ്പെടെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) കേരളത്തിലേക്ക് വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം കൂടി ലക്ഷ്യമിട്ടാണ് ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അംഗീകൃത ഏജൻസികൾ മുഖേന നൽകുന്ന ആധാർ, പാസ്പോർട്ട്, ഇലക്ഷൻ ഐ.ഡി, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയ ഏതെങ്കിലും തിരിച്ചറിയൽ രേഖ അടിസ്ഥാനമാക്കി ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികൾക്കാണ് ആവാസ് കാർഡ് നൽകപ്പെടുന്നത്. ആഭ്യന്തരം, ആരോഗ്യം, തദ്ദേശ സ്വയംഭരണം തുടങ്ങിയ മറ്റ് വകുപ്പുകൾക്കുകൂടി ടി ആവാസ് കാർഡ് മുഖേന രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും. ഇത്തരത്തിൽ വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് ആവാസ് പദ്ധതിയിലൂടെ നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ.